12

# ഉപവാസം, 1

ഉപവാസത്തെ കുറിച്ചുള്ള ഈ പുസ്തകം പ്രധാനമായും വ്യക്തിപരമാണ്. ഉപവാസത്തിന് ഞാൻ പരിചയമില്ലാത്തവനാണ് ... അതി നോടു നല്ല വാസന പോലുമില്ല. അതിനു ഒഴികഴിവൊന്നുമില്ല. അറുപതുകളിൽ എത്തിയ ഒരു ക്രിസ്ത്യാനിക്ക്, അത് ഒരു പാപവും അധഃപതനവുമാണെന്ന് ഞാൻ കരുതുന്നു. നാം എല്ലാവരും നമ്മുടെ ജീവിതത്തിൽ നീചമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു്. അതുപോലെ തന്നെ ഉപേക്ഷിക്കേതായ മ്ലേഛമായ പാപങ്ങളിലും നാം ഏർപ്പെടുന്നു, ഉദാഹരണമായി ഉപവസിക്കൽ. വർഷങ്ങളോളം ഉപവാസം എന്നെ ആകർഷിച്ചിട്ടു്. ഞാൻ അതിനെ സംബന്ധിച്ചു പഠിച്ചു, സംസാരിച്ചു, പഠിപ്പിച്ചു, എഴുതുകയും ചെയ്തു. ഞാൻ എല്ലാം ചെയ്തു എന്നാൽ പരിശീലിക്കേിയിരിക്കുന്നു. ഈ പാഠങ്ങൾ ഞാൻ എഴുതിക്കൊിരുന്നപ്പോൾ, ഞാൻ ഉപവസിച്ചു, എന്നാൽ നിരന്തരം അല്ലായിരുന്നു. എനിക്ക് ലജ്ജ തോന്നുന്നു!

ഖേദമെന്നു പറയട്ടെ, ഞാൻ ഉപവാസം പരീക്ഷിക്കുകയും വിപത്തിൽ എത്തിച്ചേരുകയുമാണുായത്! ടി.വി. പ്രാസംഗികർ ഉപവസിക്കുകയും പിന്നെ അതുമായി ബന്ധപ്പെട്ട അത്ഭുതകരമായ സാക്ഷ്യങ്ങളും നടത്തുന്നു. ഞാൻ ഉപവസിച്ച സമയം, മേൽക്കൂര വീഴുകയോ അല്ലെങ്കിൽ അടിഭാഗം പിളർന്നുപോകയോ ചെയ്തില്ല. നല്ല പ്രാതലിന്റെയും ഉച്ചഭക്ഷണത്തിന്റെയും ദിവസത്തിൽ, ഉപവാസം എന്നു പറയുന്നത് വിചിത്രമായിരിക്കുന്നു. നാം ഇന്ന് *ഉപവസിക്കു*കയല്ല മറിച്ച് *വിരുന്നാ*ഘോഷിക്കുകയാണ്. ഉദാരതയുള്ള ലോകത്തിൽ, ഉപവാസം പോലെ വിചിത്രമായ മറ്റൊന്നില്ല. ഒരുപക്ഷെ നാം ഉപവസിക്കേതിന്റെ പ്രാഥമിക കാരണവും ഇതായിരിക്കണം! പ്രാർത്ഥനയുടെ ശക്തിയാണ് ഉപവാസം. എന്റെ പരീക്ഷണങ്ങളിൽ, ആഹാരത്തിൽനിന്ന് വിട്ടുനിൽക്കുന്നതിൽ എനിക്കു വിഷമമില്ല. എനിക്ക് അതുകൊു ശാരീരികമായ പ്രശ്നങ്ങൾ ഉായിട്ടില്ല. എനിക്ക് അതു നന്നായി ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. എന്റെ ഏകാഗ്രത അത്ര നന്നായിരുന്നില്ല ... നല്ല സന്തോഷം ലഭിച്ചതായും തോന്നിയില്ല. എന്റെ പരാജയം എന്നെ താഴ്ത്തി; അവ എന്നെ നിഗളത്തിലെത്തിച്ചില്ല.

അപ്പോഴും, ഞാൻ ഉപവസിക്കണം! പ്രാർത്ഥനയാൽ മാത്രമേ നമ്മുടെ ആത്മാവിന്റെ ആഴങ്ങളെ നേരെയാക്കുവാൻ കഴിയുകയുള്ളൂ. ചില കാര്യങ്ങൾ ഉപവാസത്താലും പ്രാർത്ഥനയാലും മാത്രമേ പുറത്തുവരൂ എന്നാണ് യേശു പറഞ്ഞത് (മർക്കോസ് 9:29). പ്രാർത്ഥന കൂടാതെ ഒരു ക്രിസ്ത്യാനിക്കും ആത്മീയമായി ഉയരുവാൻ കഴിയുകയില്ല. എന്നെ സംബന്ധിച്ച് അത് വളരെ ചെറുതും, വളരെ താമസിച്ചും പോയിരിക്കാം, എന്നാൽ ഞാൻ (പ്രതിജ്ഞ ചെയ്തിട്ടില്ല) ആഴ്ച്ചയിൽ ഒരു ദിവസം ഉപവസിക്കുവാൻ തീരുമാനിച്ചു. നിങ്ങൾ പ്രാർത്ഥിച്ചുകൊാണ് പ്രാർത്ഥിക്കുവാൻ ശീലിക്കുന്നത്. അതുപോലെ ഉപവസിച്ചുകൊ് ഉപവസിക്കുവാൻ ശീലിക്കുന്നു.

ഞാൻ തനിച്ചല്ല. ഏതാനും ക്രിസ്ത്യാനികളും ഉപവസിക്കുന്നു. ഏതാനും പേർ അതിനെ ആഗ്രഹിക്കുകയോ തീരുമാനിക്കുകയോ ചെയ്യുന്നു. നാം

സംസാരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നു; ആദ്യ സഭ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തു. പ്രാർത്ഥിക്കുവാൻ താല്പര്യം കാണിക്കുന്ന നല്ല സഹോദരന്മാർ പോലും ഉപവസിക്കുവാൻ താൽപര്യമില്ലാത്തവരാണ്. എതിർപ്പുള്ള നിശബ്ദത പോലെയുള്ളതല്ല മൂകമായ നിശബ്ദത. സത്യസന്ധമായ പ്രാർത്ഥനാ ജീവിതം സാക്ഷ്യപ്പെടുത്തുന്ന ഉയർന്ന-വിശുദ്ധന്മാർ എന്ന് അവകാശപ്പെടുന്നവർ പോലും ഉപവാസത്തെ നിരസിക്കുന്നു! ഉപവാസം അസുഖകരമായി തോന്നിയേക്കാം, എന്നാൽ ക്രിസ്തീയ ജീവിതത്തിൽ അത് ഏറ്റവും അനുഗ്രഹിക്കപ്പെട്ട ഒന്നാണ്. പ്രാർത്ഥനയെ സംബന്ധിച്ച് പുസ്തകങ്ങളു്, എന്നാൽ ഉപവാസത്തെ കുറിച്ചില്ല. പ്രാർത്ഥനയെ ഉൾക്കൊള്ളുകയും ... ഉപവാസത്തെ പുറംതള്ളുകയും ചെയ്തിരിക്കുന്നു. ഞാൻ വില കൊടുക്കാൻ തയ്യാറുള്ളവനാണോ? നിങ്ങളോ? ഉപവാസം കൂടാതെ പ്രാർത്ഥനയിൽ വാസ്തവത്തിൽ നമുക്ക് വളരുവാൻ കഴിയുമോ?

നിന്ന് ചിന്തിക്കുക! എന്റെ പ്രിയ സ്നേഹിതനായ യൂജീൻ കരോളിനോട് അദ്ദേഹത്തിന്റെ നിർദ്ദേശത്തിന് എനിക്ക് നന്ദിയു്. വാസ്തവത്തിൽ, ഉപവസിക്കൽ, സാധാരണവും തന്നെത്താൻ പ്രവർത്തിക്കുന്നതുമാണ്! ഉപവാസത്തിനു പിന്നിലുള്ളത് പ്രാധാന്യമുള്ള ആവശ്യത്താൽ ഉാകുന്ന ഒരു അത്യാവശ്യമാണ്. നമ്മുടെ ആശ്രയം ദൈവത്തിലാണെന്നു സമ്മതിക്കുകയും പ്രശ്നങ്ങൾക്കായി നാം ദൈവത്തിലേക്ക് തിരിയുകയും ചെയ്യുന്നു. ഒരു ദുരന്തമുാകുമ്പോൾ, നാം എന്തു ചെയ്യും? നാം ജോലി ചെയ്യുന്നതും, ഭക്ഷണം കഴിക്കുന്നതും, ഒഴിവെടുക്കുന്നതും നിർത്തുന്നു. ദുരന്തമൊഴിച്ച് മറ്റൊന്നും അപ്പോൾ നമ്മുടെ ചിന്തയിലില്ല. ആശുപത്രിയിൽ, നിർണ്ണായക സമയങ്ങളിൽ, കുടുംബാംഗങ്ങൾക്ക് ഭക്ഷണം കഴിക്കുന്നതിലോ, ജീവിതകാര്യങ്ങളിലോ, വിനോദത്തിലേർപ്പെടുന്നതിലോ താല്പര്യമുാവുകയില്ല. കുടുംബവും, സഭയും ഒത്തുചേരുന്നു; നാം ദുരന്തത്തെ അഭിമുഖീകരിക്കുവാൻ ജീവിതത്തിലെ മറ്റു കാര്യങ്ങളിൽനിന്ന് വിട്ടു നിൽക്കുന്നു. ഉപവാസം സ്വാഭാവികമാണ്! ദിവസത്തിലെ ആദ്യ ഭക്ഷണമായ ബ്രേക്ക് ഫാസ്റ്റ് എന്ന ഇംഗ്ലീഷ് വാക്കിനുള്ള, അടിസ്ഥാനമാണത്.

പിന്നെയും ചിന്തിക്കുക! ഉപവസിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ സാധാരണ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു-മാറലാണ്. ഉവ്വ്, യേശു കാപട്യമുള്ള ഉപവാസത്തെ ഖണ്ഡിച്ചിട്ടു് (മത്തായി 6:16–18). എങ്ങനെയായാലും, നീ പ്രാർത്ഥനകളും കാഹളമൂതിക്കൊുള്ള നൽകലും കൂടെ യേശു ഖണ്ഡിച്ചിട്ടു് (മത്തായി 6). ദുർവിനിയോഗം ഉപയോഗത്തെ ഒരിക്കലും നിർത്തരുത്. ബൈബിൾ രസകരമാണ്. കോടിയ മുഖം വെച്ചുകൊ് ആത്മീയനാകാൻ ശ്രമിക്കുന്നതിനെ നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുോ? നിഗളം നമ്മെ എത്ര നിസ്സാരമാക്കുന്നു! മോശമായ ഒരു മനുഷ്യനെ മതപരമായ വ്യക്തി യായി കാണിക്കുവാൻ എങ്ങനെ കഴിയും?

ഉപവസിക്കൽ ഉഗ്രമായ ആത്മീയ പരിശീലനത്തിനു വേി സാധാരണ പ്രവൃത്തിയെ ത്യജിക്കലാണ്. ശ്രേഷ്ഠമായതിനുവേി ചില നല്ലത് ഉപേക്ഷിക്കുന്നതാണ് അത്. അത് ശരീരത്തിന്മേൽ ആത്മാവിനുള്ള അധികാരത്തെ സൂചിപ്പിക്കുന്നു (സാധാരണ ശരീരമാണ് ജയിക്കുന്നത്). അത് നമ്മുടെ ആത്മാക്കളെ പക്വതയിൽ എത്തിക്കുവാൻ ശരീരങ്ങളെ ഉപയോഗിക്കുവാൻ സഹായിക്കുന്നു. ശരീരത്തിന് വ്യായാമം എങ്ങനെയോ, അങ്ങനെയാണ് ആത്മാവിന് ഉപവാസം. ഉപവാസം പതിവു തെറ്റിക്കുന്നു, ശീലത്തെ അടിമയാക്കു

ന്നു. നാം യഥാർത്ഥത്തിൽ ഗൗരവമുള്ളവരാണെന്നു പ്രഖ്യാപിക്കുന്നതാണ് ഉപവാസം. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നതിനു നമ്മെ അനുവദിക്കുന്നതാണ് ഉപവാസം. ഉപവാസം നമ്മുടെ ശരീരങ്ങളെ നിയന്ത്രണത്തിലേക്ക് കൊുവരുന്നു, മനസ്സുകളെ ചിന്തിക്കുവാൻ അനുവദിക്കുന്നു.

**************

# യേശുവിന്റെ നാമത്തിൽ ഉള്ള പ്രാർത്ഥന

## യോഹന്നാൻ 14:13, 14; 15:7; 16:23 - 26

> *നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും, പിതാവ് പുത്രനിൽ മഹത്വപ്പെടേതിന്, ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും, ഞാൻ ചെയ്തു തരും (യോഹന്നാൻ 14:13, 14).*
>
> നിങ്ങൾ എന്നിലും, എന്റെ വചനം നിങ്ങളിലും വസിച്ചാൽ, നിങ്ങൾ ഇഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അത് നിങ്ങൾക്ക് കിട്ടും (യോഹന്നാൻ 15:7).
>
> ... നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും, അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; ... അന്നു നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും, ഞാൻ നിങ്ങൾക്കുവേി പിതാവിനോടു അപേക്ഷിക്കുമെന്നു ഞാൻ പറയുന്നില്ല (യോഹന്നാൻ 16:23, 24, 26).

ഈ പാഠം പ്രാധാന്യമുള്ളതാണ്. നമ്മുടെ പഠനത്തിലൂടെ പറയുവാൻ ആഗ്രഹിക്കുന്നതെല്ലാം ഇതിൽ ചുരുക്കി പറയുന്നു എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അത് പ്രാർത്ഥന എന്താ*ണെന്നും* പ്രാർത്ഥന എന്ത*ല്ല* എന്നും നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനയെ കുറിച്ചുള്ള നമ്മുടെ ര് മുഖ്യമായ (വിനാശകരമായ) തെറ്റുകളെ ഈ പാഠം പുറത്തുകൊുവരുന്നു: (1) പ്രാർത്ഥന നമ്മെ പരാജയപ്പെടുത്തുന്നു എന്നു നാം വിശ്വസിക്കുന്നു: ഞാൻ ചിലതിനുവേി പ്രാർത്ഥിച്ചു എന്നാൽ അതു കിട്ടാതിരുന്നു. പലരും ദൈവത്തിലുള്ള വിശ്വാസം കൂടാതെ, സംശയത്തോടെ പ്രാർത്ഥിക്കുന്നു. (2) പ്രാർത്ഥനയെ നാം-ആഗ്രഹിക്കുന്ന-എന്തും-ലഭിക്കുന്ന ഒരു ഇന്ദ്രജാലമായി നമ്മൾ കാണുന്നു! അതു വിശ്വാസമല്ല തോന്നലാണ്. അതിനർത്ഥം നാമാണ് (ദൈവമല്ല) ഫലം പുറപ്പെടുവിക്കുന്നത് എന്നാണ്. ഞാൻ പ്രാർത്ഥിച്ചതുകൊു ഞാൻ എന്തിനുവേി പ്രാർത്ഥിക്കുന്നുവോ അതു നടക്കും എന്നു വിശ്വസിക്കുന്നതും എന്റെ വിശ്വാസത്തിനുള്ള പ്രതികരണമായി ദൈവം മറുപടി നൽകുമെന്ന് വിശ്വസിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമു്.

**യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന എന്തല്ല**

യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന അല്ലാത്തത് ...

(1) *ഒരു ശൈലി.* ഓരോ പ്രാർത്ഥനയും അവസാനിപ്പിക്കേത്, യേശുവിന്റെ നാമത്തിൽ ആണ് എന്നു കൂടുതൽ ആളുകളും നിശ്ചയിക്കുന്നു. അവന്റെ നാമം കൂടാതെ, യേശുവിനെ കൂടാതെ നമുക്ക് പ്രാർത്ഥിപ്പാൻ കഴിയുകയില്ല. എങ്ങനെയായാലും, പ്രാർത്ഥന യേശുവിന്റെ നാമത്തിൽ അവസാനിപ്പിക്കുന്നതിനേക്കാൾ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിന് പ്രാധാന്യമു്. ഒരു ക്രിസ്ത്യാനി ചിന്തിക്കുന്നതും, പറയുന്നതും, ചെയ്യുന്നതും യേശുവിന്റെ നാമത്തിലാണ് (കൊലൊസ്യർ 3:17). ഒരാൾക്ക് യേശുവിന്റെ നാമത്തിൽ പ്രാർത്ഥന അവസാനിപ്പിക്കുവാനും യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാതിരിക്കുവാനും കഴിയും. ഒരു പ്രഖ്യാപനത്തെക്കാൾ വലുതും ആത്മീക യാഥാർത്ഥ്യവുമാണ് യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന.

(2) *ഒരു കൽപന.* പ്രാർത്ഥന ഒരു ആവശ്യപ്പെടലല്ല, അപേക്ഷയാണ്. യേശുവിന്റെ നാമത്തിൽ ആവശ്യപ്പെടുവാനുള്ള അവകാശം ക്രിസ്ത്യാനികൾക്ക് ഉന്നെ് ചിലർ പഠിപ്പിക്കുന്നു്. പ്രാർത്ഥന ആവശ്യപ്പെടൽ അല്ല അപേക്ഷിക്കൽ ആണ്. പ്രാർത്ഥന നിസ്സഹായതയാണ്. പ്രാർത്ഥന കൽപിക്കുന്നതാണ് എന്നു പറയുന്നത് പ്രാർത്ഥനയുടെ ആശയത്തിനുതന്നെ വിപരീതമാണ്. അത് വിഡ്ഢിത്തമാണ്. പ്രാർത്ഥനയാൽ പിടിച്ചുവയ്ക്കാവുന്ന ഉറപ്പുമല്ല ദൈവം. ഒരിക്കൽ സഭ പാപങ്ങളെ ഏറ്റുപറഞ്ഞു; ഇപ്പോൾ അവകാശങ്ങൾ പ്രഖ്യാപിക്കുന്നു. ദൈവമല്ല, സഭയാണ്, അങ്ങനെ വരുമ്പോൾ തെറ്റുന്നത്. ദൈവം മാത്രമാണ് പ്രാർത്ഥനക്കു മറുപടി നൽകുന്നത്. നാം ഇച്ഛിക്കുന്നതെല്ലാം ലഭിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമായി അവനെ ചുരുക്കാവുന്നതല്ല. എന്റെ ഇഷ്ടം നടക്കേണമേ എന്നതല്ല നിന്റെ ഇഷ്ടം നടക്കേണമേ എന്നത്. സ്വാർത്ഥത, ശക്തി, അംഗീകാരം എന്നിവ പ്രാർത്ഥനക്ക് എതിരാണ്, എങ്കിലും തെറ്റായ മതം ഭയങ്കരമായ സ്വാധീനം ഉാക്കിയിട്ടു്. തങ്ങളുടെ പ്രാർത്ഥനകൾക്കെല്ലാം തങ്ങളുടെ സമയത്തും തങ്ങൾ വിചാരിക്കുന്നതുപോലെയും ഉത്തരം നൽകുവാൻ ദൈവം കടപ്പെട്ടിരിക്കുന്നു എന്ന് ധാരാളംപേർ കരുതുന്നത് വിസ്മയം ജനിപ്പിക്കുന്നു! പ്രാർത്ഥനയെ കുറിച്ച് അവ്യക്തമായ ചിന്തകളാണ് ഉള്ളത്. വിശ്വാസത്തിൽ യാചിക്കുക, എന്നാൽ ആവശ്യപ്പെടരുത്. തന്റെ കൃപയാലാണ് ദൈവം നൽകുന്നത്. നമ്മുടെ വ്യാമോഹം നിമിത്തം ദാനങ്ങൾ തരുവാൻ അവനെ നിർബന്ധിപ്പിക്കാവുന്നതല്ല. അങ്ങനെ ചെയ്താൽ അത് ദൈവത്തെയും പ്രാർത്ഥനയെയും പരിഹസിക്കുന്നതാകും. നാം എല്ലാം യാചകരാണ്. സ്വഭാവത്താൽ, യാചകർക്ക് ഒന്നും ആവശ്യപ്പെടുവാൻ കഴിയുകയില്ല. യാചകന്മാർക്ക് തിരഞ്ഞെടുക്കുവാനും കഴിയുകയില്ല.

**യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നാൽ എന്താണ്**

യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥനയിൽ താഴെ കൊടുത്തിരിക്കുന്നവ ഉൾപ്പെടുന്നു:

(1) *സ്വയത്യാഗം.* സ്വയത്തെ പൂർണ്ണമായി ത്യജിക്കലാണ് മറ്റൊരാളുടെ നാമത്തിൽ പ്രാർത്ഥിക്കുക എന്നാൽ. സ്വയത്തെ ഉറപ്പിക്കുന്നതല്ല പ്രാർത്ഥന അത് സ്വയത്തെ ത്യജിക്കുന്നതാണ്. പ്രാർത്ഥന നിസ്സഹായർക്കുള്ളതാണ്. പ്രാർത്ഥന സ്വയത്തെ മുഴുവൻ ശൂന്യമാക്കുന്ന ഒന്നാണ്. അവന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നാൽ നമ്മിൽനിന്ന് സ്വതന്ത്രമാകുകയാണ്. ഇപ്പോൾ നാം

യേശുവിന്റേതായി, അവന്റേതുമാത്രമായി തീരുന്നു.

(2) *യേശുവിനെ സ്വീകരിക്കൽ.* യേശുവാണ് നമ്മുടെ പ്രതിനിധി. മറ്റാർക്കും ദൈവസന്നിധിയിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. അതു കൊ്, എല്ലാ പ്രാർത്ഥനയും യേശുവിന്റെ നാമത്തിൽ ആയിരിക്കണം. അവൻ മാത്രമാണ് ദൈവ കുഞ്ഞാട്. ഏക കാരണത്താൽ ആണ്, ക്രിസ്ത്യാനികൾ ദൈവസിംഹാസനത്തോട് അടുത്തുചെല്ലുന്നത്: യേശുവിന്റെ രക്തത്തിന്റെ യോഗ്യതയാൽ മാത്രം (എബ്രായർ 4:14–16). താല്ക്കാലിക നാമത്തിൻ കീഴിൽ ആകുക എന്നതാണ് യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നാൽ. യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന ഒരു വിശുദ്ധ ആശ്രയവും, നേട്ടവുമാണ്. യേശു അക്ഷരീകമായി തന്റെ നാമം നമുക്കു നൽകിയിരിക്കുന്നു! അത് നമ്മുടെ നിത്യാവകാശമാണ്.

(3) *ദൈവത്തെ ആദരിക്കൽ.* വീും യോഹന്നാൻ 14:13, 14 വായിക്കുക. പിതാവിനെ മഹത്വപ്പെടുത്തുവാൻ മാത്രമാണ് യേശു നമ്മെ അനുഗ്രഹിക്കുന്നത്! കള്ള പ്രവാചകന്മാർ പ്രസംഗിക്കുന്നത് യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും എന്ന ആദ്യം ഭാഗം മാത്രമാണ്. അവർ സൗകര്യപ്രദമായി രാം ഭാഗം വിട്ടുകളയുന്നു: സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുക എന്നത്. അത് മറ്റൊരു ചിത്രത്തെ ആണ് കാണിക്കുന്നത്. സ്വാർത്ഥമായ പ്രാർത്ഥന അതു മോഹിക്കുന്നതിനെ ആഗ്രഹിക്കുന്നു; എന്നാൽ വിശ്വാസമുള്ള പ്രാർത്ഥന ദൈവത്തെ മഹത്വപ്പെടുത്തുന്നതായിരിക്കും.

(4) *ക്രിസ്തുവിനോടുകൂടെ ചേരൽ.* നമ്മുടെ വേദഭാഗം യോഹന്നാന്റെ സുവിശേഷമാണ്. ആ അതിരുകവിഞ്ഞ വാക്യങ്ങളിലെ സന്ദർഭം യേശു പിതാവിനെ മഹത്വപ്പെടുത്തുന്നതും, പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നതും വ്യക്തമാക്കുകയും, മുന്തിരിവള്ളിയിലും, വചനത്തിലും, അവനിലും നില നിൽക്കുന്നതിനെ സംബന്ധിച്ചു സൂചന നൽകുകയും ചെയ്യുന്നു. വിഷയം വസിക്കൽ ആണ്. ക്രിസ്തുവിനോടുള്ള നമ്മുടെ ആഴത്തിലുള്ള ബന്ധത്തിൽ നിന്നാണ് യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന ഉാകുന്നത്! വിശുദ്ധനായ ദൈവത്തിന് യേശുവിന്റെ നാമത്തിൽ മാത്രമേ നമ്മെ സ്വീകരിക്കുവാൻ കഴിയൂ. ദൈവമുൻപാകെ നമുക്കു ധൈര്യമായി നിൽക്കുവാൻ യേശുവിന്റെ നാമത്തിൽ മാത്രമേ കഴിയൂ.

(5) *ദൈവേഷ്ടത്തിൽ പ്രാർത്ഥിക്കൽ.* ദൈവഹിത പ്രകാരം പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് അവൻ കേൾക്കുന്നതെന്ന് യോഹന്നാൻ വീും നമ്മോടു പറഞ്ഞിരിക്കുന്നു (1 യോഹന്നാൻ 5:14, 15). വീണുപോയ അജ്ഞനായ മനുഷ്യൻ, ശക്തനായ അതിരില്ലാത്ത ദൈവ ത്തിനെതിരെ, അധികാരം കാണിക്കുവാൻ ശ്രമിക്കുന്നത് എന്തുകൊ്? ദൈവഹിതം നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹവും സുരക്ഷിത സ്ഥാനവുമാണ്. ദൈവഹിതത്തിന് അപ്പുറം പ്രാർത്ഥിക്കുന്നത് വിഡ്ഢിത്തമാണ്. യേശുവിന്റെ പ്രാർത്ഥനകൾ എല്ലാം നിന്റെ ഇഷ്ടം നടക്കേണമേ എന്നായിരുന്നു. യേശുവിന്റെ നാമത്തിൽ പ്രാർ ത്ഥിക്കുക എന്നാൽ യേശുവിനെ പോലെ പ്രാർത്ഥിക്കുകയും, അവൻ പ്രാർത്ഥിക്കുന്നതു പ്രാർത്ഥിക്കുകയും, യേശുവിന്റെ മനോഭാവത്തെ പോലെ പ്രാർത്ഥിക്കുകയും ചെയ്യുക എന്നർത്ഥം.

(6) *പ്രതീക്ഷയോടുകൂടെ പ്രാർത്ഥിക്കൽ.* പ്രാർത്ഥന വികാരങ്ങളെ ഉപേക്ഷിക്കലല്ല. പ്രാർത്ഥന പ്രശ്നത്തിലേക്ക് ദൈവത്തെ കൊുവരികയാണ്. ഒരു കുട്ടി അപ്പനോടു ചോദിച്ചു, ഞാൻ എന്തു ചോദിച്ചാലും അപ്പൻ തരുമോ?

പിതാവ് പറഞ്ഞു, ഇല്ല, എന്നാൽ ഞാൻ എല്ലാം നിനക്കു തരും! അപേക്ഷ തെറ്റാണെങ്കിൽ, ദൈവം ലളിതമായി പറയും, ഇല്ല. സമയം ശരിയല്ലെങ്കിൽ, ദൈവം പറയും, വേഗത കുറക്കുക. നാം തെറ്റിലാണെങ്കിൽ, ദൈവം പറയും, വളരുക. അപേക്ഷ ശരിയാണെങ്കിൽ, സമയം ശരിയാണെങ്കിൽ, നാം ശരിയാണെങ്കിൽ, ദൈവം പറയും, പോക. വാസ്തവത്തിൽ, പ്രാർത്ഥനക്ക് കിട്ടിയ ദൈവത്തിന്റെ മറുപടിയിലല്ല നാം ഏറ്റവും സന്തോഷിക്കുന്നത്, ദൈവം പ്രവർത്തിക്കുന്നത് കാണുമ്പോഴാണ്. ദൈവം എന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നു! പ്രാർത്ഥനയുടെ ഏറ്റവും വലിയ അനുഗ്രഹം ദൈവം നൽകുന്നതിലല്ല, എന്നാൽ ദൈവം തന്നെയാണ്! ഒരാൾ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ, അയാൾ അതിയായ പ്രതീക്ഷയോടും പ്രത്യാശയോടും കൂടെ പ്രാർത്ഥിക്കണം.

### പ്രാർത്ഥനയിൽ രോഗശാന്തി

> നിങ്ങളിൽ ആരെങ്കിലും കഷ്ടം അനുഭവിക്കുന്നുവോ? കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആരെങ്കിലും സുഖമനുഭവിക്കുന്നുവോ? സുഖമനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. നിങ്ങളിൽ ആരെങ്കിലും ദീനമായി കിടക്കുന്നുവോ? നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ, അവൻ കർത്താവിന്റെ നാമത്തിൽ, അവനെ എണ്ണ പൂശി അവനുവേി പ്രാർത്ഥിക്കട്ടെ; എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും, കർത്താവ് അവനെ എഴുന്നേൽപ്പിക്കും, അവൻ പാപം ചെയ്തിട്ടുങ്കെിൽ, അവനോടു ക്ഷമിക്കും. എന്നാൽ, നിങ്ങൾക്കു രോഗശാന്തി വരേതിന്, തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ്, ഒരുവനുവേി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോബ് 5:13-16).

തിരുവെഴുത്ത് വളരെ പറയുന്നു്! പ്രാർത്ഥന നിശബ്ദതയെ ഭേദിക്കുന്നതാണ്. അതാണ്, വാസ്തവത്തിൽ, പ്രാർത്ഥന എന്നത്. അറിയേതിനും അറിയപ്പെടേതിനും ഉള്ള ആവശ്യമാണ് അത്. ജീവിതത്തെ ആഴത്തിൽ തുറക്കുന്നതാണ് പ്രാർത്ഥന. അതുകൊ്, ഓരോ പ്രാർത്ഥനയും അടിസ്ഥാനപരമായി എന്റെയോ നിങ്ങളുടേയോ സൗഖ്യത്തിനുള്ളതാണ്. പ്രാർത്ഥന സൗഖ്യത്തിനുള്ള വിശ്വാസത്തിന്റെ ഉറവിടമാണ്. വലിയ പ്രസ്താവനയായ പ്രാർത്ഥനക്ക് ... സൗഖ്യ സന്ദർഭത്തിൽ വലിയ നേട്ടം കൈവരിക്കുവാൻ കഴിയും. പ്രാർത്ഥനയിൽ ആരോഗ്യവും സൗഖ്യവുമു്, എങ്കിലും നമ്മുടെ വേദഭാഗത്തെ തെറ്റിദ്ധരിക്കപ്പെട്ട്, തെറ്റായി പഠിപ്പിച്ച്, ദുരുപയോഗം ചെയ്തിട്ടു്. കരിസ്മാറ്റിക്കുകാർ പറയുന്നത് ദൈവത്തിന് സൗഖ്യമാക്കാൻ *കഴിയുന്നതു* കൊ്, അവൻ സൗഖ്യ*മാക്കണം* എന്നാണ്. എങ്ങനെയായാലും, കരിസ്മാറ്റിക്കുകാരല്ലാത്തവർ വിശ്വസിക്കുന്നത് ദൈവത്തിന് സൗഖ്യമാക്കുവാൻ *കഴിയും*, എന്നാൽ അവൻ *ചെയ്യുകയില്ല* എന്നാണ്! രും തെറ്റാണ്! ദൈവം സൗഖ്യമാക്കുന്നു! വിശ്വാസത്താൽ! പ്രാർത്ഥനയാൽ!

(1) യേശു സുഖമാക്കുന്നവനാണ്. അവൻ വന്നത് കാണാതെ പോയതിനെ തിരഞ്ഞുരക്ഷിപ്പാനത്രെ (ലൂക്കൊസ് 19:10). ഒന്നും തെറ്റല്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുവാനോ അല്ലെങ്കിൽ പാപത്തെ ഒളിക്കുവാനോ മറ്റൊരു ഗുരുവിനെ നമുക്കാവശ്യമില്ല. ചിലത് തീർച്ചയായും തെറ്റാണെന്ന് നമുക്ക് എല്ലാവർക്കുമ

റിയാം. ഒരു രക്ഷകൻ ആവശ്യമുന്നെ് നമുക്കെല്ലാവർക്കുമറിയാം! എന്തൊരു രക്ഷകൻ! ലോകത്തിന്റെ സൗഖ്യ ശക്തി യേശുക്രിസ്തുവാണ്! ലോകത്തിലെ സൗഖ്യ ശക്തി യേശുക്രിസ്തു *മാത്ര*മാണ്! അവിടെയാണ് സൗഖ്യമാക്കൽ ആരംഭിക്കുന്നത്. തന്റെ സഭയെ സൗഖ്യമാക്കുന്ന സമൂഹമായി കാണുവാൻ യേശു ആഗ്രഹിക്കുന്നു. അവിടെയാണ് ആത്മാക്കൾ രക്ഷിക്കപ്പെടുന്നതും ജീവിതങ്ങൾ മാറുന്നതും. യേശു നമ്മുടെ ജീവിതത്തിന്റെ ഒരു വശം സൗഖ്യമാക്കുകയും മറ്റൊരുവശം സൗഖ്യമാക്കാതെയും ഇരിക്കുന്നില്ല. അവൻ യോഹന്നാൻ 5:14-ലെ പക്ഷപാത രോഗിയോടു പറഞ്ഞു, ഇനി പാപം ചെയ്യരുത്. ഒരു പക്ഷപാതരോഗിയെ മേൽക്കൂര പൊളിച്ച് ഇറക്കിയപ്പോൾ, യേശു സദസ്യരെ ഞെട്ടിച്ചുകൊു പറഞ്ഞു, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു (ലൂക്കൊസ് 5:18-26). ആ മനുഷ്യർ ഭൗതികമായ സൗഖ്യം മാത്രമാണ് പ്രതീക്ഷിച്ചത്, എന്നാൽ യേശു ആത്മീക സൗഖ്യവും നൽകി. നാം ചോദിക്കുന്നതിലധികം അവൻ എല്ലായ്പ്പോഴും നൽകും.

(2) നമ്മുടെ ആധുനിക ലോകം മനശാസ്ത്രത്തിന്റെ കൈപ്പിടിയിലാണ്. സഭകൾ വേദശാസ്ത്രത്തെക്കാൾ കൂടുതൽ മനശാസ്ത്രമാണ് പ്രസംഗിക്കുന്നത്. വാസ്തവത്തിലുള്ള സൗഖ്യം വരുന്നത് വേദശാസ്ത്രത്താൽ മാത്രമാണ് (ബൈബിൾ സത്യം). ആരോഗ്യമുള്ള ഒരു ശരീരത്തിന് ആത്മാവ് നഷ്ടപ്പെട്ടു പോകുവാൻ കഴിയും. ഒരു അശുദ്ധാത്മാവിനെ കീഴ്പ്പെടുത്തിയവനിലേക്ക് ഏറ്റവും മോശമായ ഏഴ് ആത്മാക്കൾ വരുവാൻ ഇടയു്! സ്വഭാവത്തെ വ്യക്തിത്വവുമായി ഇടകലർത്തരുത്. മനശാസ്ത്രം പരാജയപ്പെടും! മനശാസ്ത്രത്തിന് (മനസ്സിനെ കുറിച്ചുള്ള പഠനം) ആത്മാവിനെ കുറിച്ചു പഠിക്കുവാൻ കഴിയുകയില്ല. മനശാസ്ത്രത്തിന് പാപമെന്ന വാക്ക് ഉച്ചരിപ്പാൻ സാധ്യമല്ല. മനശാസ്ത്രത്തിന് ഒരു ആത്മാവിനെ രക്ഷിപ്പാൻ സാധ്യമല്ല. നഷ്ടപ്പെട്ട പാപികൾക്ക് പുതിയ ജനനവും, പുതിയ ഹൃദയവും, പുതിയ ജീവിതവും ആവശ്യമാണ്! അതാണ് സുവിശേഷ സന്ദേശം. യേശു നമുക്ക് ചെറിയ തയ്യാറാക്കൽ നൽകുന്നില്ല അവൻ നമുക്ക് വീും ജനനം നല്കുന്നു (യോഹന്നാൻ 3:3, 5, 7; 2 കൊരിന്ത്യർ 5:17). സമൃദ്ധമായ ജീവനുള്ളവനാണ് യേശു (യോഹന്നാൻ 10:10; 14:6). ഉപദേഷ്ടാവിനേക്കാൾ ഭവനരഹിതനായ ഒരാൾക്ക് കൂടുതൽ അറിവുായിരുന്നു. വലിയ ഉദ്ദേശത്തോടെ, ഉപദേഷ്ടാവ്, അയാൾക്ക് ഒരു ജോലി വാങ്ങി കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. ഭവനരഹിതനായ മനുഷ്യൻ ബോധപൂർവ്വം മറുപടി പറഞ്ഞു, എനിക്ക് ജോലി അല്ല ആവശ്യം കർത്താവിനെയാണ്. ജോലി ലഭിക്കുന്നതിനെ അയാൾ നിഷേധിക്കുകയായിരുന്നില്ല; അയാൾ തന്റെ ആഴമേറിയ, ഉയർന്ന ആവശ്യം ഏറ്റു പറയുകയായിരുന്നു. യാക്കൊബ് പറഞ്ഞു, സഭയെ വിളിക്കുക ... മൂപ്പന്മാരെ വിളിക്കുക ... വിശ്വാസവും സത്യവും ക്ഷണിക്കുക. നിങ്ങൾക്ക് ശാരീരിക സുഖം കിട്ടുവാൻ, ആത്മീയമായി ശരിയാവുക. മനുഷ്യൻ ജീവിതത്തെ തന്റെ സ്വന്തം കരങ്ങളിൽ എടുക്കുന്നതാണ് അവന്റെ ഏറ്റവും വലിയ തെറ്റ്. വില്യം ഇ. ഹെൻലേ തന്റെ കവിതയായ ഇൻവിക്റ്റസിൽ ഒരു പ്രത്യേക പ്രസ്താവന നൽകിയിരിക്കുന്നു:

> എന്റെ വിധിയുടെ യജമാനൻ ഞാനാണ്;
> എന്റെ ആത്മാവിന്റെ നായകൻ ഞാനാണ്.

അവനു എന്തു സംഭവിച്ചു? അവൻ ആത്മഹത്യ ചെയ്തു.

ദൈവത്തിനു സൗഖ്യമാക്കുവാൻ കഴിയുകയില്ലെങ്കിൽ പിന്നെ ആശ്വാസത്തിനുവേ അവനോടു എന്തിനു പ്രാർത്ഥിക്കണം? ദൈവത്തിനു രോഗ സൗഖ്യം നൽകുവാൻ കഴിയുകയില്ലെങ്കിൽ, അവനു മരണദുഃഖത്തിൽ ആശ്വാസം നൽകുവാനും കഴിയുകയില്ല. പ്രാർത്ഥനയിൽ വിശ്വാസമുള്ള ഹൃദയത്തിൽ പ്രാർത്ഥനയിൽ നിന്നുള്ള സൗഖ്യ ത്തിലുള്ള വിശ്വാസമാണ് ഉള്ളത്. സ്വയം സഹായിക്കുവാൻ കഴിയാത്തവനെ ദൈവം സഹായിക്കും. സ്വയം സഹായിക്കുവാൻ കഴിവുള്ളവനെയും ദൈവം സഹായിക്കും.

(3) പ്രാർത്ഥനയിൽ നമുക്ക് വളർച്ചയും പക്വതയും ആവശ്യമാണ്. നാം സുഖപ്പെടാതിരിപ്പാൻ കാരണം നാം നമ്മോടു സംസാരിക്കുന്നതിനുപകരം നാം നമ്മെ ശ്രദ്ധിക്കുന്നു എന്നതാണ്. താല്പര്യമില്ലാതെ ശ്രദ്ധിക്കുന്നത് വെറും സഹതാപമർഹിക്കുന്ന ഒരു കൂട്ടം കേൾവിക്കാരെ ലഭിക്കുക മാത്രമാണ്. നാം നമ്മോടു സംസാരിക്കുക എന്നത് യാക്കൊബ് 5-നെ ഉറപ്പിക്കുക എന്നതാണ്. ബാലിശമായ പ്രാർത്ഥനയിൽ നാം യാചിക്കും, ചുു കൂർപ്പിക്കും, നാം ആവശ്യപ്പെടുകയും ചെയ്യും. ദൈവം ഒരു ഇന്ദ്രജാലക്കാരനാകുവാൻ നാം ആഗ്രഹിക്കും. നമുക്ക് ഉടനെ പരിഹാരമാണാവശ്യം അതിന് നാം ദൈവത്തെ സ്വാധീനിക്കുന്ന തരം പ്രാർത്ഥനകൾ നടത്തും. വാസ്തവത്തിലുള്ള പ്രാർത്ഥനയിൽ നാം മൂപ്പന്മാരെ വിളിക്കും, സഭയെ ആശ്രയിക്കും, ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് ക്ഷണിക്കുകയും ചെയ്യും. പ്രാർത്ഥിക്കുക എന്നതു ക്രിസ്ത്യാനികളുടെ പ്രത്യേക നേട്ടവും മുഖ്യപ്രവൃത്തിയുമാണ്.

രോഗശാന്തിക്കായി പ്രാർത്ഥിക്കുവാനാണ് യാക്കൊബ് പറഞ്ഞത്. അത്ഭുതങ്ങൾ നിന്നുപോയെങ്കിലും, പ്രാർത്ഥന ഇപ്പോഴും ഗുണം നൽകുന്നു. 2 തിമൊഥെയൊസ് 4:20-ൽ വലിയ ഒരു പാഠം പഠിപ്പിക്കുന്നു്: ... എന്നാൽ ത്രോഫിമോസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചുപോയി. പൗലൊസ് ആ ലേഖനം എഴുതി സംസാരിക്കുകയാണ്. അവൻ അത്ഭുതപ്രവർത്തകനായിരുന്നു! അത്ഭുത കരത്താൽ ത്രോഫിമോസിന് സൗഖ്യം ലഭിച്ചില്ല. അവനെ പ്രാർത്ഥനയുടെ കരുണയിൽ ഏല്പിച്ചു. വിശ്വാസത്താലുള്ള രോഗശാന്തി അത്ഭുതകരമായ രീതിയിൽ അവസാനിച്ചു, എന്നാൽ രോഗശാന്തിക്കു വേ പ്രാർത്ഥന ഇപ്പോഴും നിലനില്ക്കുന്നു! *പ്രാർത്ഥിക്കുക!*

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***